# പതിമൂന്നാം കേരള നിയമസഭ
## പന്ത്രണ്ടാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 3365** — **12.12.2014-ൽ മറുപടിക്ക്**

### മുൻസിപ്പാലിറ്റികളിൽ വികസന പദ്ധതികൾ

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| | ശ്രീ.തേറമ്പിൽ രാമകൃഷ്ണൻ<br>,, വി.ഡി.സതീശൻ<br>,, എം.പി.വിൻസെന്റ്<br>,, ഡൊമിനിക് പ്രസന്റേഷൻ | | ശ്രീ.മഞ്ഞളാംകുഴി അലി<br>(നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പു മന്ത്രി) |
| (എ) | മുൻസിപ്പാലിറ്റികളിൽ വികസന പദ്ധതികൾ നടപ്പാക്കുന്നതിന് എന്തെല്ലാം കർമ്മ പരിപാടികൾ ആസൂത്രണം ചെയ്തിട്ടുണ്ട്; വിശദമാക്കുമോ; | (എ) | നഗരങ്ങളിലെ പശ്ചാത്തല സൗകര്യങ്ങൾ ഉൾപ്പെടെയുള്ള അടിസ്ഥാന വികസന പദ്ധതികൾ ഏറ്റെടുക്കുന്നതിനും കേന്ദ്രസർക്കാരിൽ നിന്നും മറ്റ് ഏജൻസികളിൽ നിന്നും ഇവയുടെ നടത്തിപ്പിനാവശ്യമായ ഫണ്ട് നേടിയെടുക്കുന്നതിനും ആവശ്യമായ വിശദവും യോഗ്യവുമായ പ്രോജക്ട് റിപ്പോർട്ടുകൾ തയ്യാറാക്കുന്നതിനും നഗരസഭകൾക്ക് സാങ്കേതിക സാമ്പത്തിക സഹായങ്ങൾ ലഭ്യമാക്കുന്നതിനും 'അർബൻ 2020' എന്ന പേരിൽ ഒരു പദ്ധതിയ്ക്ക് സംസ്ഥാന നഗരകാര്യ വകുപ്പ് തുടക്കം കുറിച്ചിട്ടുണ്ട്. |
| (ബി) | കേന്ദ്ര സർക്കാരിന്റെ ഏത് പദ്ധതിയിൽ പ്പെടുത്തിയാണ് പ്രസ്തുത വികസന പദ്ധതികൾ നടപ്പാക്കുന്നത്; വിശദാംശങ്ങൾ അറിയിക്കുമോ; | (ബി) | ഇത് ഒരു സംസ്ഥാന പദ്ധതിയാണ്. |
| (സി) | എത്ര കോടി രൂപയുടെ വികസന പദ്ധതികളാണ് നടപ്പാക്കുന്നത് ; വിശദമാക്കുമോ; | (സി) | 3000 കോടി രൂപയുടെ വികസനപദ്ധതികളാണ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത്. |
| (ഡി) | പദ്ധതി നടപ്പാക്കുന്നതിനായി സംസ്ഥാനത്തുള്ള നോഡൽ ഏജൻസി ഏതാണ് ; വ്യക്തമാക്കുമോ? | (ഡി) | കെ.എസ്.യു.ഡി.പി-യെ ആണ് നോഡൽ ഏജൻസിയായി നിശ്ചയിച്ചിട്ടുള്ളത്. |

(ഒപ്പ്)

സെക്ഷൻ ഓഫീസർ